**പതിനാലാം കേരള നിയമസഭ**
**പതിനേഴാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 516 | 03.03.2020-ലെ മറുപടിയ്ക്ക്

## സ്പോർട്സ് രംഗത്ത് കൂട്ടായ പ്രവർത്തനം

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീമതി.ഷാനിമോൾ ഉസ്മാൻ** | | **ശ്രീ.ഇ.പി.ജയരാജൻ**<br>വ്യവസായവും കായികവും യുവജനകാര്യവും വകുപ്പ് മന്ത്രി | |
| (എ) | സ്പോർട്സ് രംഗത്ത് കൂട്ടായ പ്രവർത്തനം കൊണ്ടുവരുന്നതിന് സ്പോർട്സ് ഡയറക്ടറേറ്റും സ്പോർട്സ് കൗൺസിലും സംയോജിപ്പിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; | (എ) & (ബി) | ഇപ്പോൾ പരിഗണനയിലില്ല |
| (ബി) | എങ്കിൽ ഇതിനായി സ്വീകരിച്ച നടപടികൾ എന്തെല്ലാം; | | |
| (സി) | പെൺകുട്ടികൾക്കിടയിൽ സ്പോർട്സ് പ്രോത്സാഹിപ്പിക്കുന്നതിനായി അവർക്ക് മാത്രമായി സ്പോർട്സ് ക്ലബ്ബുകൾ രൂപീകരിക്കുമെന്ന പ്രഖ്യാപനം പ്രാവർത്തികമാക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ; | (സി) | പെൺകുട്ടികൾക്ക് മാത്രമായി സ്പോർട്സ് ക്ലബ്ബുകൾ രൂപീകരിക്കുന്ന കാര്യം നിലവിൽ പരിഗണനയിലില്ല |
| (ഡി) | സ്പോർട്സ് യുവജന കാര്യമേഖലയിലെ വിവിധ ഏജൻസികളെ ഒരു കുടക്കീഴിൽ കൊണ്ടുവരുന്നതിന് കായിക ഭവൻ നിർമ്മിക്കുവാൻ പദ്ധതിയുണ്ടോ; | (ഡി) | സംസ്ഥാനത്തിന്റെ കായിക വളർച്ചയ്ക്കായി കായികയുവജനകാര്യാലയം, കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ, കായിക മേഖലയുമായി ബന്ധപ്പെട്ട വിവിധ അസോസിയേഷനുകൾ എന്നിവ ഒരു |

| | | | |
|---|---|---|---|
| | ഇതിനായി എന്ത് തുകയാണ് അനുവദിച്ചിട്ടുള്ളത്; വ്യക്തമാക്കുമോ? | | കുടക്കീഴിൽ കൊണ്ടുവരികയെന്ന ലക്ഷ്യത്തോടെ തിരുവനന്തപുരം ജില്ലയിൽ വഞ്ചിയൂർ വില്ലേജിൽ വാൻറോസ് ജംഗ്ഷനിലുള്ള സർക്കാരിന്റെ ഉടമസ്ഥതയിലുള്ള 29.552 സെന്റ് ഭൂമിയിൽ കായികഭവൻ നിർമ്മിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. കായിക ഭവൻ ഉൾപ്പെടെയുള്ള വിവിധ നിർമ്മാണ പ്രവർത്തനങ്ങൾക്കായി 2020-21 ബഡ്ജറ്റിൽ 8.74 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ